20.07.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25-02-06

# ഉത്സവദിനമായ ഇന്ന് ഉന്മേഷവും ഉത്സാഹത്തോടെ മായയിൽ നിന്ന് മുക്തരായിരിക്കുന്നതിന്റെ വ്രതം എടുക്കൂ, കരുണയുള്ളവരായി മാസ്റ്റർ മുക്തിദാതാവാകൂ, ബാബയുടെ കൂടെ പോകണമെങ്കിൽ സമാനരാകൂ.

ഇന്ന് നാനാഭാഗത്തുമുള്ള അതീവ സ്നേഹി കുട്ടികളുടെ ഉന്മേഷവും ഉത്സാഹം നിറഞ്ഞ മധുര മധുരമായ സ്നേഹ സ്മരണകളും ആശംസകളും എത്തിച്ചേർന്നു. എല്ലാവരുടെയും മനസ്സിൽ ബാപ്ദാദയുടെ ജന്മദിനത്തിന്റെ ഉത്സാഹം നിറഞ്ഞ ആശംസകൾ നിറഞ്ഞിട്ടുണ്ട്. താങ്കൾ എല്ലാവരും ഇന്ന് വിശേഷമായി ആശംസകൾ നൽകാൻ വന്നതാണോ അതോ നേടാൻ വന്നതാണോ? വളരെ കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ പ്രീയപ്പെട്ട കുട്ടികൾക്കെല്ലാം ബാപ്ദാദയും കുട്ടികളുടെ ജന്മദിവസത്തിന്റെ കോടാനുകോടി മടങ്ങു ആശംസകൾ നൽകുന്നു. ഇന്നത്തെ പോലെ വിശേഷ ദിവസം മുഴുവൻ കല്പത്തിലും ഇല്ല, ഇന്ന് ബാബയുടെയും കുട്ടികളുടെയും ജന്മദിനം ഒന്നിച്ചാണ്. ഇതിനെയാണ് വിചിത്രമായ ജയന്തി എന്ന് പറയുന്നത്.മുഴുവൻ കല്പത്തിലും ചുറ്റിസഞ്ചരിച്ച് നോക്കൂ ഇതുപോലെ എപ്പോഴെങ്കിലും ജയന്തി ആഘോഷിച്ചോ! ഇന്ന് ബാപ്ദാദ കുട്ടികളുടെ ജയന്തി ആഘോഷിക്കുകയാണ്, കുട്ടികൾ ബാപ്ദാദയുടെ ജയന്തി ആഘോഷിക്കുന്നു. ശിവജയന്തി എന്നാണ് പേര് പറയുന്നത്, പക്ഷെ ഒരു ജയന്തിയിൽ തന്നെ അനേകം ജയന്തി അടങ്ങിയിട്ടുള്ളതാണ്. നിങ്ങൾക്ക് എല്ലാവർക്കും വളരെയധികം സന്തോഷം ഉണ്ടാകുന്നുണ്ട് ബാബയ്ക്ക് ആശംസകൾ കൊടുക്കാനാണ് ഞങ്ങൾ വന്നത്, നമുക്ക് ആശംസ തരാൻ ബാബയും വന്നിരിക്കുകയാണ് അച്ഛന്റെയും കുട്ടികളുടെയും ജന്മദിനം ഒരുമിച്ച് വരുന്നത് അതീവ സ്നേഹത്തിന്റെ അടയാളമാണ്.ബാബയ്ക്ക് കുട്ടികളില്ലാതെ ഒന്നും ചെയ്യാൻ സാധിക്കില്ല,കുട്ടികൾക്ക് ബാബയില്ലാതെയും ഒന്നും ചെയ്യാൻ സാധിക്കില്ല. ജന്മം ഒന്നിച്ചാണ് സംഗമയുഗത്തിൽ ജീവിക്കുന്നതും ഒന്നിച്ചാണ്, ബാബയും കുട്ടികളും കമ്പയിന്റാണ്. വിശ്വ മംഗളത്തിന്റെ കാര്യം ചെയ്യുന്നതും ഒന്നിച്ചാണ്,ബാബയ്ക്ക് ഒറ്റയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല, കുട്ടികൾക്കും കഴിയില്ല, ഒന്നിച്ചാണ് ബാബയുടെ വാഗ്ദാനമാണ് കൂടെ ഇരിക്കും, കൂടെ വരും. കൂടെ വരില്ലേ! വാഗ്ദാനമാണ്! ഇത്രയും സ്നേഹമുള്ള അച്ഛനെയും കുട്ടികളെയും കണ്ടിട്ടുണ്ടോ? കണ്ടിട്ടുണ്ടോ അതോ അനുഭവം ചെയ്യുകയാണോ? അതിനാലാണ് ഈ സംഗമയുഗത്തിനു മഹത്വം ഉള്ളത് ഈ മിലനത്തിന്റെ മഹത്വമാണ് ഈ മിലനത്തിന്റെ ഓർമ്മചിഹ്നം പല മേളകളിലും ഉണ്ടാക്കിയിട്ടുണ്ട്. ഈ ശിവജയന്തിയുടെ ദിവസം ഭക്തരും വിളിക്കുന്നു വരൂ. എപ്പോൾ, എങ്ങനെ വരും എന്നത് ആലോചിച്ചിരുന്നു, നിങ്ങൾ ആഘോഷിക്കുകയാണ്.

ബാപ്ദാദയ്ക്ക് ഭക്തരോട് സ്നേഹം ഉണ്ട്, ദയയും തോന്നുന്നു, എത്രയാണ് പരിശ്രമിക്കുന്നത്, അന്വേഷിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? ആരാണ് അന്വേഷിച്ചത്?നിങ്ങൾ അന്വേഷിച്ചോ? നിങ്ങൾ പ്രദക്ഷിണം ചെയ്തുകൊണ്ടിരുന്നു. കുട്ടികൾ ഏത് കോണിൽ കളഞ്ഞുപോയാലും ബാബ കുട്ടികളെ അന്വേഷിച്ച് കണ്ടുപിടിച്ചു. നോക്കൂ ഇന്നാണെങ്കിലും ഭാരതത്തിന്റെ അനേക രാജ്യങ്ങളിൽ നിന്നും വന്നിരിക്കുകയാണ്,വിദേശികളും പുറകിലല്ല, 100 ദേശങ്ങളിൽ നിന്നും വന്നിട്ടുണ്ട്. എന്ത് പരിശ്രമമാണ് ചെയ്തത്? ബാബയുടേതാകാൻ എന്ത് പരിശ്രമം ചെയ്തു? പരിശ്രമിച്ചോ?ചെയ്തോ പരിശ്രമം?ബാബയെ കണ്ടെത്താൻ പരിശ്രമിച്ചവർ കൈ ഉയർത്തൂ. ഭക്തിയിൽ ചെയ്തു, ബാബ കണ്ടെത്തി കഴിഞ്ഞപ്പോൾ പരിശ്രമം ചെയ്തോ? പരിശ്രമം ചെയ്തോ? സെക്കന്റിൽ കരാർ നടത്തി. ഒറ്റ വാക്കിൽ കരാർ നടന്നു. ഒരു വാക്ക് ഏതാണ്? എന്റേത് കുട്ടികൾ പറഞ്ഞു എന്റെ ബാബ, ബാബ പറഞ്ഞു എന്റെ കുട്ടികൾ. കഴിഞ്ഞു. നിസ്സാരമായ കരാർ ആണോ അതോ ബുദ്ധിമുട്ടുള്ളതാണോ? നിസ്സാരമാണല്ലോ! കുറച്ച് ബുദ്ധിമുട്ടുണ്ട് എന്ന് കരുതുന്നവർ കൈ ഉയർത്തൂ. ചിലപ്പോഴൊക്കെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ! അതോ ഇല്ലയോ? സഹജമായതാണ്, തന്റെ കുറവുകൾ കാരണം ബുദ്ധിമുട്ട് അനുഭപ്പെടുന്നു.

ബാപ്ദാദ കാണുന്നുണ്ട് ഭക്തരും, സത്യമായ ഭക്തർ, സ്വാർത്ഥതയുള്ള ഭക്തർ അല്ല, ഇന്നത്തെ ദിവസം വളരെ സ്നേഹപൂർവ്വം വ്രതം എടുക്കുന്നു. നിങ്ങൾ എല്ലാവരും വ്രതം എടുത്തോ, അവർ കുറച്ച് ദിവസത്തെ വ്രതം എടുക്കുന്നു,നിങ്ങൾ എല്ലാവരും എടുത്ത വ്രതം അങ്ങനെയുള്ളതാണ് ഇപ്പോഴത്തെ ഈ ഒരു വ്രതം 21 ജന്മങ്ങൾ നിലനിൽക്കും. അവർ ഓരോ വർഷത്തിലും ആഘോഷിക്കുന്നു, വ്രതം എടുക്കുന്നു,നിങ്ങൾ കല്പത്തിൽ ഒരിക്കൽ വ്രതം എടുക്കുന്നു പിന്നെ 21 ജന്മങ്ങൾ മനസ്സ് കൊണ്ടോ ശരീരം കൊണ്ടോ വ്രതം എടുക്കേണ്ടതായി വരില്ല. നിങ്ങളും വ്രതം എടുക്കാറുണ്ട്, ഏത് വ്രതമാണ് എടുത്തത്? പവിത്രമായ ദൃഷ്ടി, വൃത്തി, കർമ്മം, പവിത്ര ജീവിതത്തിന്റെ വ്രതമാണ് എടുത്തത്. ജീവിതം പവിത്രമായി. പവിത്രത ബ്രഹ്മചര്യ വ്രതം മാത്രമല്ല, ജീവിതത്തിൽ ആഹാരം,വ്യവഹാരം,സംസ്ക്കാരം, ലോകം എല്ലാം പവിത്രമാകണം. അങ്ങനെയുള്ള വ്രതം എടുത്തോ? എടുത്തോ? തലയാട്ടു. എടുത്തോ? തീർച്ചയായും വ്രതം

എടുത്തോ?ദൃഢമായതാണോ അതോ കുറച്ച് പാകമാകാത്തതാണോ? ശരി, ഒരു മഹാ ഭൂതമാണ് കാമം, അതിന്റെ വ്രതമെടുത്തോ കൂടെ ബാക്കിയുള്ള നാലിന്റെയും വ്രതം എടുത്തോ? ബ്രഹ്മചാരി ആയി, പുറകെ ബാക്കിയുള്ള നാലെണ്ണം, അതിന്റെയും വ്രതം എടുത്തോ? ക്രോധത്തിന്റെ വ്രതം എടുത്തോ അതോ വിട്ട് പോയോ? ദേഷ്യപ്പെടാനുള്ള അനുവാദം കിട്ടിയിട്ടുണ്ടോ? രണ്ടാമത്തേതല്ലേ, സാരമില്ല, അങ്ങനെയെല്ലല്ലോ?മഹാ ഭൂതത്തിനെ മഹാഭൂതമാണെന്നു മനസ്സിലാക്കി മനസ്സ്, വാക്ക്, കർമ്മത്തിൽ ദൃഢമായ വ്രതം എടുത്തിട്ടുള്ളത് പോലെ ക്രോധത്തിന്റെയും വ്രതം എടുത്തോ? ആരാണോ ഞങ്ങൾ ക്രോധത്തിന്റെ വ്രതം എടുത്തിട്ടുണ്ട് എന്ന് മനസിലാക്കുന്നത്, പുറകെ അതിന്റെ കുട്ടികളും ഉണ്ട്. ലോഭം, മോഹം, അഹങ്കാരം, ബാപ്ദാദ ക്രോധത്തിന്റേതാണ് ഇന്ന് ചോദിക്കുന്നത്, പൂർണ്ണമായി ക്രോധ വികാരത്തിന്റെ വ്രതം എടുത്തിട്ടുണ്ടോ, മനസ്സിൽ പോലും ക്രോധം ഇല്ല,ഹൃദയത്തിലും ക്രോധത്തിന്റെ ഫീലിംഗ് ഇല്ല,അങ്ങനെയാണോ? ഇന്ന് ശിവജയന്തി ആണല്ലോ? ഭക്തർ വ്രതം എടുക്കുമ്പോൾ ബാപ്ദാദയും വ്രതത്തിനെ കുറിച്ച് ചോദിക്കുകയാണ്! സ്വപ്നത്തിലും ക്രോധത്തിന്റെ അംശം പോലും വരില്ല എന്ന് മനസ്സിലാക്കുന്നവർ കൈ ഉയർത്തൂ. വരാൻ കഴിയില്ല.വരുന്നുണ്ടോ? വരുന്നില്ലേ?വരുന്നില്ലല്ലോ?( ചിലർ കൈ ഉയർത്തി) ശരി, ആരെല്ലാമാണോ കൈ ഉയർത്തിയത് അവരുടെ ഫോട്ടോ എടുക്കൂ, ബാപ്ദാദ നിങ്ങൾ കൈ ഉയർത്തിയാൽ മാത്രം സമ്മതിക്കില്ല, നിങ്ങളുടെ കൂട്ടുകാരിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങും, എന്നിട്ട് സമ്മാനം നൽകും. നല്ല കാര്യമാണ്. ക്രോധത്തിന്റെ അംശം ഉണ്ടെന്നു ബാപ്ദാദ കണ്ടു, ഈർഷ്യ, അസൂയ ഇതെല്ലാം ക്രോധത്തിന്റെ കുട്ടികളാണ്. നല്ലതാണ് ആരെല്ലാമാണോ ധൈര്യം കാണിച്ചത്, അവർക്ക് ബാപ്ദാദ ഇപ്പോൾ ആശംസകൾ തരുന്നു,സർട്ടിഫിക്കറ്റ് നു ശേഷം സമ്മാനം പിന്നീട് നൽകും, ബാപ്ദാദ ഏത് ഗൃഹപാഠമാണോ തന്നത് അതിന്റെ ഫലവും ബാപ്ദാദ നോക്കുന്നുണ്ട്.

ഇന്ന് ജന്മദിനം ആഘോഷിക്കുകയാണ്, ജന്മദിനത്തിൽ എന്താണ് ചെയ്യുന്നത്? കേക്ക് മുറിക്കും, ഇപ്പോൾ രണ്ടു മാസം കഴിഞ്ഞു, ഇനി ഒരു മാസം ബാക്കി ഉണ്ട്, രണ്ടു മാസം കൊണ്ട് നിങ്ങൾ വ്യർത്ഥ സങ്കല്പങ്ങളുടെ കേക്ക് മുറിച്ചോ? ഈ കേക്ക് മുറിക്കുന്നത് വളരെ സഹജമാണ്, ഇന്ന് മുറിക്കും. വ്യർത്ഥ സങ്കല്പങ്ങളുടെ കേക്ക് മുറിച്ചോ? മുറിക്കേണ്ടി വരും! കൂടെ പോകണമല്ലോ, ഈ വാഗ്ദാനം ദൃഢമല്ലേ! കൂടെയാണ്, കൂടെ പോകും. കൂടെ പോകണമെങ്കിൽ സമാനരാകണം! കുറച്ച് ബാക്കിയുള്ളതും കൂടി, രണ്ടു മാസം കഴിഞ്ഞു, ജന്മദിനം ആഘോഷിക്കാൻ ഇന്നത്തെ ദിവസം എവിടെയൊക്കെ നിന്നാണ് വന്നിട്ടുള്ളത്. വിമാനത്തിൽ വന്നവർ ഉണ്ട്, ട്രയിനിൽ വന്നവർ ഉണ്ട്, കാറുകളിലും വന്നിട്ടുണ്ട്, ബാപ്ദാദയ്ക്കും സന്തോഷമായി എവിടെയൊക്കെ നിന്നും ഓടിയെത്തിരിക്കുന്നു. ജന്മദിനത്തിൽ സമ്മാനവും കൊടുക്കും ,ബാക്കി ഒരു മാസമാണുള്ളത്, ഹോളിയും വരാൻ പോകുന്നു. ഹോളിയ്ക്കും ചിലത് കത്തിക്കുകയാണ് ചെയ്യുന്നത്. ബാക്കി അവശേഷിച്ചിട്ടുള്ള വ്യർത്ഥ സങ്കല്പങ്ങളുടെ ബീജമാണ്, ബീജം ബാക്കിയാണെങ്കിൽ എപ്പോഴെങ്കിലും വൃക്ഷം പുറത്തേയ്ക്ക് വരും, ശാഖകൾ മുളച്ച് വരും, ഇന്നത്തെ ഉത്സവ ദിവസം മനസ്സിന്റെ ഉന്മേഷവും ഉത്സാഹത്തോടെ, (മനസ്സിന്റെ ഉന്മേഷവും ഉത്സാഹവും, മുഖത്തിന്റേത് അല്ല,മനസ്സിന്റെ ഉന്മേഷവും ഉത്സാഹത്തോടെയും), മനസ്സിലോ, വാക്കിലോ, സംബന്ധ സമ്പർക്കത്തിലോ കുറച്ച് മാത്രം അവശേഷിച്ചിട്ടുള്ളത് ബാബയുടെ ജന്മദിനമായ ഇന്ന് ബാബയ്ക്ക് സമ്മാനം കൊടുക്കാൻ കഴിയുമോ? ഉന്മേഷവും ഉത്സാഹവും നിറഞ്ഞ മനസ്സോടെ കൊടുക്കാൻ കഴിയുമോ? നിങ്ങൾക്കാണ് പ്രയോജനം, ബാബയ്ക്ക് കാണണം.ഉന്മേഷവും ഉത്സാഹത്തോടെയും ചെയ്ത കാണിക്കും, ഏറ്റവും നല്ലതായി മാറും എന്ന ധൈര്യം വയ്ക്കുന്നവർ കൈ ഉയർത്തൂ. ഉപേക്ഷിക്കേണ്ടി വരും, ആലോചിച്ചു നോക്കൂ. വാക്കിൽ ഇല്ല, സംബന്ധസമ്പർക്കത്തിലും ഇല്ല. ധൈര്യം ഉണ്ടോ? ധൈര്യം ഉണ്ടോ? മധുബനിൽ ഉള്ളവർക്കും , വിദേശികൾക്കും,ഭാരതവാസികൾക്കും, ബാപ്ദാദയുടെ സ്നേഹമാണ്, എല്ലാവരും ഒരുമിച്ച് പോകണം എന്നാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്, ആരും ബാക്കിയുണ്ടാവരുത്.കൂടെ പോകും എന്ന് വാഗ്ദാനം നല്കിയതല്ലേ,അതിനാൽ സമാനരാകണം. സ്നേഹമില്ലേ! പ്രയാസപ്പെട്ട് അല്ലാലോ കൈ ഉയർത്തിയത്?

ഈ സമൂഹത്തിന്റെ, ബ്രാഹ്മണ പരിവാരത്തിന്റെ മുഖം ബാപ്സമാനമായി കാണാനാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്. ദൃഢ സങ്കല്പത്തോടെ ധൈര്യം വയ്ക്കൂ, ഒത്തിരി വലിയ കാര്യമൊന്നും അല്ല, സഹനശക്തിയാണ് വേണ്ടത്, ഉൾകൊള്ളുന്നതിനുള്ള ശക്തി ആവശ്യമാണ്. **സഹനശക്തി, ഉൾകൊള്ളുന്നതിനുള്ള ശക്തി ആർക്കാണോ ഈ രണ്ടു ശക്തികളും ഉള്ളത് അവർക്ക് സഹജമായി ക്രോധമുക്തമാകാൻ കഴിയും.** ബ്രാഹ്മണ കുട്ടികളായ നിങ്ങൾക്ക് ബാപ്ദാദ സർവ്വ ശക്തികളും വരദാനമായി നൽകിയതാണ്, ടൈറ്റിൽ മാസ്റ്റർ സർവ്വ ശക്തിവാൻ എന്നാണ്. ഒരു സ്ലോഗൻ ഓർമ്മയിൽ വച്ചാൽ മതി, ഒരു മാസത്തിൽ സമാനരാകണം എങ്കിൽ ഒരു സ്ലോഗൻ ഓർമ്മയുണ്ടാകണം, വാഗ്ദാനം ചെയ്തതാണ് **ദുഃഖം കൊടുക്കരുത്, ദുഃഖം എടുക്കരുത്**. ഇന്നത്തെ ദിവസം ആർക്കും ദുഃഖം കൊടുത്തില്ല എന്ന് പലരും പരിശോധിക്കും, വളരെ പെട്ടെന്ന് എടുക്കുന്നു, മറ്റുള്ളവർ തരുന്നതാണ് എടുക്കുന്നത്, സ്വയം രക്ഷപ്പെടുന്നു, ഞാൻ ഒന്നും ചെയ്തില്ലല്ലോ, അവരാണ് ചെയ്തത്, എടുത്തത് എന്തിനാണ്? എടുക്കുന്നത് നിങ്ങളാണോ അതോ തരുന്നവരാണോ?തരുന്നവർ തെറ്റ് ചെയ്തു, ബാബയും ഡ്രാമയും അതിന്റെ കണക്ക് നോക്കും,

പക്ഷെ നിങ്ങൾ എടുത്തത് എന്തിനാണ്? റിസൽട്ടിലും ബാപ്ദാദ കണ്ടു കൊടുക്കുന്നതിൽ ആലോചിക്കും,പക്ഷെ പെട്ടെന്ന് എടുക്കുന്നുണ്ട് അതിനാൽ സമാനരാകാൻ കഴിയുന്നില്ല. ആര് എത്ര നൽകിയാലും വാങ്ങരുത്, അല്ലെങ്കിൽ ഫീലിങ്ങിന്റെ രോഗം വർധിക്കും, കൊച്ച് കൊച്ച് കാര്യങ്ങളിൽ ഫീലിങ്ങ്സ് കൂടിയാൽ വ്യർത്ഥ സങ്കൽപ്പങ്ങൾ സമാപ്തമാകില്ല, എങ്ങനെ പിന്നെ ബാബയുടെ കൂടെ പോകും,ബാബയ്ക്ക് സ്നേഹം ഉണ്ട്, ബാബയ്ക്ക് നിങ്ങളെ ഉപേക്ഷിക്കാൻ കഴിയില്ല,ബാബ നിങ്ങളെ ഉപേക്ഷിക്കില്ല, കൂടെ തന്നെ കൊണ്ട് പോകും. സമ്മതമാണോ? ഇഷ്ടമായോ? ഇഷ്ടമായാൽ കൈ ഉയർത്തൂ. പുറകെ വരരുത്. കൂടെ വരണമെങ്കിൽ സമ്മാനം നൽകണം. ഒരു മാസം എല്ലാവരും അഭ്യസിക്കൂ, ദുഃഖം കൊടുക്കരുത് ദുഃഖം എടുക്കരുത്. ഞാൻ കൊടുത്തില്ല, അവർ എടുത്തതാണ്. പരദർശനം ചെയ്യരുത്, സ്വദർശനം ചെയ്യൂ. ഹേ അർജുനൻ ഞാൻ ആകണം.

ബാപ്ദാദ റിപ്പോർട്ട് കണ്ടു, കൂടുതൽ പേരുടെയും സന്തുഷ്ടതയുടെ റിപ്പോർട്ട് ഇല്ല, അതിനാൽ ബാപ്ദാദ ഇനിയും ഒരു മാസത്തേയ്ക്ക് അടിവരയിടുകയാണ്. ഒരു മാസം പരിശീലിച്ചാൽ സ്വഭാവമായി മാറും. സ്വഭാവമാക്കണം. നിസ്സാരമായി വിടരുത്, ഇതൊക്കെ ഉള്ളതാണ്, ഇത്രയും സാരമില്ല, പാടില്ല. ബാപ്ദാദയോട് സ്നേഹം ഉണ്ടെങ്കിൽ സ്നേഹത്തിൽ ക്രോധം എന്ന ഒരു വികാരം ബലിയർപ്പിക്കാൻ കഴിയില്ലേ? ബലിയാകുന്നവരുടെ അടയാളമാണ് ആജ്ഞ അനുസരിക്കുന്നവർ.അന്തിമ സമയത്ത് വ്യർത്ഥ സങ്കൽപം വളരെയധികം ചതിവ് ചെയ്യും,കാരണം ദുഃഖത്തിന്റെ വായു മണ്ഡലം,പ്രകൃതിയുടെ വായുമണ്ഡലം, ആത്മാക്കളുടെ വായുമണ്ഡലം, നാനാഭാഗത്തും അതിലേക്കു ആകർഷിക്കുന്നതായിരിക്കും.വ്യർത്ഥ സങ്കല്പങ്ങളുടെ സ്വഭാവം ഉണ്ടെങ്കിൽ വ്യർത്ഥത്തിൽ തന്നെ കുടുങ്ങിയിരിക്കും. ഇന്ന് വിശേഷമായി ബാപ്ദാദയുടെ ധൈര്യത്തിന്റെ സങ്കൽപം ഇതാണ്, വിദേശത്തുള്ളവരാണെങ്കിലും,ഭാരതത്തിലുള്ളവരാണെകിലും ബാപ്ദാദയുടെ കുട്ടികളാണ്. ധൈര്യത്തോടെയും ദൃഢതയോടെ സഫലത മൂർത്തിയായി നാനാഭാഗത്തേയും കുട്ടികൾ വിശ്വത്തിൽ ഇത് പ്രഖ്യാപിക്കണം കാമം ഇല്ല,ക്രോധം ഇല്ല, ഞങ്ങൾ പരമാത്മാവിന്റെ കുട്ടികളാണ്.മറ്റുളവവർ മദ്യം മോചനം, ബീഡി മോചനം നടത്തുന്നു.ഇന്ന് ബാപ്ദാദ ഓരോ കുട്ടിയേയും,ക്രോധ മുക്തം, കാമവികാരത്തിൽ നിന്നും മുക്തം ഇത് രണ്ടിന്റെയും ധൈര്യം വച്ച് സ്റ്റേജിൽ വന്നു വിശ്വത്തെ കാണിക്കാൻ ആഗ്രഹിക്കുന്നു. ഇഷ്ടമാണോ? ദാദിമാർക്ക് ഇഷ്ടമാണോ? മുൻ വരിയിലിരിക്കുന്നവർക്ക് ഇഷ്ടമാണോ? മധുബനിലുള്ളവർക്ക് ഇഷ്ടമാണോ?മധുബനിൽ ഉള്ളവർക്കും ഇഷ്ടമാണ്. വിദേശത്തുള്ളവർക്കും ഇഷ്ടമാണോ? ഇഷ്ടമുള്ള കാര്യം ചെയ്യുന്നത് പ്രയാസമില്ല.ബാപ്ദാദയും കൂടുതൽ കിരണങ്ങൾ തരും.**ആശിർവാദം കൊടുക്കുകയും ആശിർവാദം എടുക്കുകയും ചെയ്യുന്ന ബ്രാഹ്മണ പരിവാരമാണ് ഇവരുടേത് അതിന്റെ മാതൃകയായി കാണപ്പെടണം**. സമയം വിളിക്കുന്നുണ്ട്, ബാപ്ദാദയുടെ അടുത്ത് അഡ്വാൻസ് പാർട്ടിയിൽ ഉള്ളവരുടെ ഹൃദയത്തിന്റെ വിളിയും എത്തുന്നുണ്ട്. മായയും ഇപ്പോൾ ക്ഷീണിതയാണ്.ഇപ്പോൾ എനിക്ക് മുക്തി തരൂ എന്നാണ് അതും ആഗ്രഹിക്കുന്നത്. മുക്തി കൊടുക്കുന്നുണ്ട്, ഇടയ്ക്കിടയ്ക്ക് കുറച്ച് കൂട്ട് കൂടുന്നു,63ജന്മങ്ങളായുള്ള കൂട്ടുകാർ ആണല്ലോ! ബാപ്ദാദ പറയുന്നു മാസ്റ്റർ മുക്തിദാതാവായി ഇപ്പോൾ എല്ലാവർക്കും മുക്തി കൊടുക്കണം,മുഴുവൻ വിശ്വത്തിനും എന്തെങ്കിലും പ്രാപ്തിയുടെ അഞ്ജലി കൊടുക്കണം, എത്ര കാര്യങ്ങൾ ചെയ്യണം, ഈ സമയത്താണ് സമയം നിങ്ങളുടെ കൂട്ടുകാരൻ, സർവ്വ ആത്മാക്കൾക്കും മുക്തിയിലേക്ക് പോകാനുള്ള സമയമാണ്. അല്ലാത്തപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്താലും, സമയം ഇല്ല, നിങ്ങൾക്ക് കൊടുക്കാൻ സാധിക്കില്ല. ഇപ്പോൾ സമയം ഉണ്ട്, അതിനാൽ ബാപ്ദാദ പറയുന്നു ആദ്യം സ്വയത്തിനു മുക്തി നൽകൂ.പിന്നീട് വിശ്വത്തിലെ സർവ്വ ആത്മാക്കൾക്കും മുക്തി കൊടുക്കുന്നതിന്റെ അഞ്ജലി നൽകൂ. അവർ വിളിക്കുന്നുണ്ട്, ദുഃഖിതരുടെ വിളിയുടെ ശബ്ദം നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നില്ലേ? നിങ്ങളിൽ തന്നെ ബിസിയായിരുന്നാൽ ശബ്ദം കേൾക്കാൻ സാധിക്കില്ല. ദുഃഖിതരോട് ദയ കാണിക്കൂ... ആവർത്തിച്ച് പാട്ടു പാടുകയാണ്. ദയാലു, കൃപാലു, കരുണനിറഞ്ഞവർ ഈ സംസ്കാരങ്ങൾ ഇപ്പോൾ തന്നെ നിറച്ചില്ലെങ്കിൽ കരുണനിറഞ്ഞവരുടെ, കൃപയുടെ, ദയയുടെ, വൈബ്രേഷൻ നിങ്ങളുടെ ജഡ ചിത്രത്തിൽ എങ്ങനെയാണു നിറയുന്നത്.

ഡബിൾ വിദേശികൾ മനസിലാക്കുന്നുണ്ടോ! ദ്വാപരയുഗത്തിൽ കരുണനിറഞ്ഞവരായി നിങ്ങളും സ്വന്തം ജഡ ചിത്രങ്ങളിലൂടെ എല്ലാവർക്കും കരുണ കൊടുക്കുമല്ലോ! നിങ്ങളുടെ ചിത്രം അല്ലെ അതോ ഇത്യക്കാരുടെ മാത്രമാണോ? ഞങ്ങളുടെ ചിത്രമാണെന്ന് വിദേശികൾ മനസിലാക്കുന്നുണ്ടോ? ചിത്രം എന്താണ് തരുന്നത്? ചിത്രങ്ങളുടെ അടുത്ത്പോയി യാചിക്കുന്നത് എന്താണ്? കരുണ, കരുണകാണിക്കൂ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ സംഗമയുഗത്തിൽ നിങ്ങൾ തന്റെ ദ്വാപര കലിയുഗ സമയത്തിലേക്കുള്ള ചിത്രങ്ങളിൽ വായുമണ്ഡലം നിറച്ചാൽ നിങ്ങളുടെ ജഢ ചിത്രങ്ങളിലൂടെ അനുഭവം ഉണ്ടാകും. ഭക്തരുടെയും മംഗളം ഉണ്ടാകും! ഭക്തരും നിങ്ങളുടെ തന്നെ വംശാവലി ആണ്.നിങ്ങൾ എല്ലാവരും മുതു മുതു മുത്തച്ഛന്റെ സന്താനങ്ങളാണ്. ഭക്തർ ആണെങ്കിലും ദുഃഖിതർ ആണെങ്കിലും എല്ലാവരും നിങ്ങളുടെ വംശാവലിയിലേതാണ്. നിങ്ങൾക്ക് ദയവ് തോന്നാറില്ലേ? കുറച്ച് കുറച്ച് തോന്നുന്നു

,മറ്റെന്തിലെങ്കിലും ബിസിയായി പോകുന്നു. ഇപ്പോൾ തന്റെ പുരുഷാർത്ഥത്തിൽ കൂടുതൽ സമയമെടുക്കരുത്. കൊടുക്കുന്നവർ ആകൂ, കൊടുക്കുന്നത് എടുക്കുന്നതായി മാറും. ചെറിയ ചെറിയ കാര്യങ്ങൾ അല്ല, മുക്തിയുടെ ദിവസം ആഘോഷിക്കൂ. ഇന്നത്തെ ദിവസം മുക്തിദിവസമായി ആഘോഷിക്കൂ. സമ്മതമല്ലേ, മുൻപിലത്തെ വരിയിലുള്ളവർക്ക് സമ്മതമല്ലേ? മധുബനിൽ ഉള്ളവർക്ക് സമ്മതമല്ലേ?

ഇന്ന് മധുബനിൽ ഉള്ളവർ വളരെ പ്രീയപെട്ടവരായി തോന്നുന്നു, മധുബനിൽ ഉള്ളത് പെട്ടെന്ന് അനുകരിക്കുന്നു. ഈ കാര്യത്തിൽ മധുബനിൽ ഉള്ളവരെ പെട്ടെന്ന് അനുകരിക്കുന്നു. മധുബനിൽ ഉള്ളവർ മുക്തി ദിവസം ആഘോഷിക്കുമ്പോൾ എല്ലാവരും ഫോളോ ചെയ്യും. നിങ്ങൾ മധുബൻ നിവാസികൾ എല്ലാവരും മാസ്റ്റർ മുക്തി ദാതാവായി മാറണം. ആകുമോ?( എല്ലാവരും കൈ ഉയർത്തി) ശരി.ധാരാളം പേർ ഉണ്ട്. ഇപ്പോൾ ബാപ്ദാദ എല്ലാവരെയും,ഇവിടെ സന്മുഖത്തിൽ ഇരിക്കുന്നവരെയും,ദേശത്തും വിദേശത്തും ദൂരെയിരുന്നു കേൾക്കുകയും കാണുകയും ചെയ്യുന്ന എല്ലാ കുട്ടികളെയും ഡ്രിൽ ചെയ്യിപ്പിക്കുകയാണ്. എല്ലാവരും തയ്യാറായോ. സങ്കൽപ്പങ്ങൾ എല്ലാം മെർജ് ചെയ്യൂ, ഇപ്പോൾ ഒരു നിമിഷം തന്റെ മനസ്സും ബുദ്ധിയും കൊണ്ട് നമ്മുടെ മധുരമായ വീട്ടിലേക്ക് എത്തിച്ചേരൂ..... ഇപ്പോൾ പരധാമത്തിൽ നിന്ന് നമ്മുടെ സൂക്ഷ്മ വദനത്തിലേക്ക് വരൂ..... ഇപ്പോൾ സൂക്ഷ്മ വദനത്തിൽ നിന്ന് നമ്മുടെ രാജ്യമായ സ്വർഗ്ഗത്തിലേക്ക് വരൂ..... ഇപ്പോൾ നമ്മുടെ പുരുഷോത്തമ സംഗമയുഗത്തിൽ എത്തിച്ചേരൂ..... ഇപ്പോൾ മധുബനിലേക്ക് വരൂ..... ഇതുപോലെ ഇടയ്ക്കിടയ്ക്ക് സ്വദർശന ചക്രധാരിയായി ചക്രം കറങ്ങിക്കൊണ്ടിരിക്കൂ. ശരി.

നാനാഭാഗത്തേയും സ്നേഹികളും ഭാഗ്യശാലികളുമായ കുട്ടികൾക്ക്, സദാ സ്വ രാജ്യത്തിലൂടെ സ്വപരിവർത്തനം ചെയ്യുന്ന കുട്ടികൾക്ക്, സദാ ദൃഢതയിലൂടെ സഫലത പ്രാപ്തമാക്കുന്ന സഫലതയുടെ നക്ഷത്രങ്ങൾക്ക്, സദാ സന്തോഷത്തിലിരിക്കുന്ന ഭാഗ്യവാന്മാരായ കുട്ടികൾക്ക്,ബാപ് ദാദയുടെ ഇന്നത്തെ ജന്മദിനത്തിൽ, അച്ഛന്റെയും കുട്ടികളുടെയും ജന്മദിനത്തിന്റെ വളരെ വളരെയധികം ആശംസകൾ, ആശീർവ്വാദങ്ങളും സ്നേഹസ്മരണയും, അങ്ങനെയുള്ള ശ്രേഷ്ഠരായ കുട്ടികൾക്ക് നമസ്തേ.

## വരദാനം: – വിശ്വ മംഗളത്തിന്റെ ഉത്തരവാദിത്വം മനസിലാക്കി സമയത്തിന്റെയും, ശക്തികളുടെയും മിതവ്യയം ചെയ്യുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

വിശ്വത്തിലെ സർവ്വ ആത്മാക്കളും ശ്രേഷ്ഠ ആത്മാക്കളായ നിങ്ങളുടെ കുടുംബമാണ്, കുടുംബം എത്ര വലുതാണോ അത്രയും മിതവ്യയത്തിൽ ശ്രദ്ധിക്കും. സർവ്വ ആത്മാക്കളെയും മുന്നിൽ വച്ച്, സ്വയം പരിധിയില്ലാത്ത സേവനത്തിൽ നിമിത്തമാണെന്നു മനസിലാക്കി, തന്റെ സമയവും ശക്തികളെയും കാര്യത്തിൽ ഉപയോഗിക്കൂ. തനിക്ക് വേണ്ടി മാത്രം സമ്പാദിച്ചു,കഴിച്ചു,തീർത്തൂ അങ്ങനെയുള്ള അലസന്മാരാകരുത്. സർവ്വ ഖജനാവുകളുടെയും ബജറ്റ് തയാറാക്കൂ.മാസ്റ്റർ രചയിതാ ഭവ യുടെ വരദാനം സ്മൃതിയിൽ വച്ച് സേവനത്തിനായി സമയത്തിന്റെയും ശക്തിയുടെയും സ്റ്റോക്ക് ശേഖരിക്കൂ.

## സ്ലോഗൻ: – ആരുടെയാണോ സങ്കല്പത്തിലും വാക്കിലും കൂടി സർവർക്കും വരദാനങ്ങൾ പ്രാപ്തമാകുന്നത് അവരാണ് മഹാദാനി.

**അവ്യക്ത സൂചന – സങ്കല്പത്തിന്റെ ശക്തി ശേഖരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
നിങ്ങളുടെ സൂക്ഷ്മ ശക്തികൾ മന്ത്രിയും മഹാമന്ത്രിയുമാണ്,( മനസ്സും ബുദ്ധിയും) അതിനെ തന്റെ നിർദ്ദേശത്തിലൂടെ നടത്തണം. ഇപ്പോൾ തന്നെ രാജ്യ സദസ്സ് നേരെയാണെങ്കിൽ ധർമ്മ രാജന്റെ സദസ്സിൽ പോകില്ല. ധർമ്മരാജനും സ്വാഗതം ചെയ്യും. നിയന്ത്രണ ശക്തി ഇല്ലെങ്കിൽ അന്തിമ ഫലത്തിൽ പിഴ അടയ്ക്കാനായി ധർമ്മരാജ പുരിയിൽ പോകേണ്ടി വരും. ഈ ശിക്ഷകൾ പിഴയാണ്. ശുദ്ധികരിക്കപ്പെട്ടാൽ (റിഫൈൻ) പിഴ (ഫൈൻ) അടയ്ക്കേണ്ടി വരില്ല.

**സൂചന:** – ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച ആണ്, എല്ലാ രാജയോഗി തപസ്വി സഹോദരി സഹോദരന്മാർ സന്ധ്യയ്ക്ക് 6.30 മുതൽ 7.30 വരെ വിശേഷ യോഗാഭ്യാസം ചെയ്യുമ്പോൾ ഭക്തരുടെ വിളി കേൾക്കുകയും തന്റെ ഇഷ്ട ദേവത ദയ ഹൃദയ, ദാതാവിനെ സ്വരൂപത്തിൽ സ്ഥിതി ചെയ്ത് സർവരുടെയും മനോകാമനകളെ പൂർത്തിയാക്കുന്ന സേവനം ചെയ്യണം.